**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1939** **15-03-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷക ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **null**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീര കർഷക ക്ഷേമനിധി അംഗങ്ങളായ കർഷകർക്ക് ഇപ്പോൾ പെൻഷൻ അനുവദിക്കാറുണ്ടോ; മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നവർക്ക് ക്ഷീര കർഷക ക്ഷേമനിധി പെൻഷന് അർഹതയുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്, ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർ സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് ക്ഷേമനിധി മാനദണ്ഡങ്ങളുടെയും സർക്കാർ വിവിധ സമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെയും അടിസ്ഥാനത്തിൽ അർഹത നേടിയവർക്കാണ് ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ അനുവദിച്ച് വരുന്നത്. 2017 ജനുവരി മാസം മുതൽ സർക്കാർ ധനസഹായത്തോടുകൂടിയാണ് ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ അനുവദിച്ച് വരുന്നത്. ധനകാര്യ (എസ്.എഫ്.സി.ബി) വകുപ്പിൽ നിന്നുള്ള 06/11/2017 തീയതിയിലെ സ.ഉ.(എം.എസ്) നം.483/2017/ധന നമ്പർ ഉത്തരവ് ഖണ്ഡിക (2)(vii) പ്രകാരം 06/02/2017 ന് മുമ്പ് രണ്ട് പെൻഷനും വാങ്ങി വരുന്നവർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ 600/- രൂപ നിരക്കിലും ക്ഷേമനിധി പെൻഷൻ അതാത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്. 06/02/2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. ധനകാര്യ (എസ്.എഫ്.സി.ബി) വകുപ്പിൽ നിന്നുള്ള 20/10/2021 തീയതിയിലെ 92/2021/ധന നമ്പർ സർക്കുലർ പ്രകാരം ഒരാൾക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കുന്നതിന് മുൻപ് ടിയാൾ സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നില്ല എന്ന് ഉറപ്പുവരുത്തിക്കൊണ്ട്, ഒരിക്കൽ സാമൂഹ്യ സുരക്ഷ പെൻഷൻ ഒഴിവാക്കി ക്ഷേമനിധി ബോർഡ് പെൻഷൻ സ്വീകരിക്കുന്നവർക്ക് പിന്നീട് സാമൂഹ്യ സുരക്ഷ പെൻഷൻ പുന:സ്ഥാപിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് നിലവിൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പെൻഷൻ |

| | | | |
|---|---|---|---|
| | | | അനുവദിച്ച് വരുന്നത്. ആയതിനാൽ 06/02/2017 നു ശേഷം ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ അപേക്ഷ സമർപ്പിക്കുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളായിട്ടുള്ളവർക്ക് ഏതെങ്കിലും ഒരു പെൻഷന് (സാമൂഹ്യ സുരക്ഷ പെൻഷൻ/ ക്ഷേമനിധി പെൻഷൻ) മാത്രമെ അർഹതയുള്ളൂ. |
| (ബി) | ക്ഷീര കർഷക ക്ഷേമനിധി പെൻഷൻ പങ്കാളിത്ത സ്വഭാവമുള്ളതും ക്ഷീര സംഘങ്ങളും കർഷകരും വിഹിതം നൽകുന്നതുമായതിനാൽ മറ്റ് പെൻഷനുകൾക്ക് പുറമേ പ്രത്യേകമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ മറ്റ് പെൻഷനുകൾക്ക് പുറമെ പ്രത്യേകമായി അനുവദിക്കുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ക്ഷീരകർഷക ക്ഷേമനിധി സോഫ്റ്റ്‌വെയർ പ്രകാരം നിലവിൽ മറ്റ് പെൻഷനുകളുടെ ഗുണഭോക്താക്കളായിട്ടുള്ള ക്ഷീരകർഷർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കാൻ സാധിക്കാത്ത ഏകദേശം പതിനൊന്നായിരത്തോളം പേരുള്ളതായി കാണുന്നു. ആയവർക്ക് പ്രതിമാസം 300/- രൂപ നിരക്കിലെങ്കിലും പെൻഷൻ അനുവദിക്കുന്നതിന് 33 ലക്ഷം രൂപ ചെലവ് വേണ്ടി വരുന്നതായി കാണുന്നു. ആയത് ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് കടുത്ത സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നതാണ്. |
| (സി) | ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ വിപണനം നടത്തുന്നവരിൽ നിന്നും പ്രതിമാസം ഈടാക്കുന്ന 20 രൂപ ക്ഷീര കർഷക ക്ഷേമനിധിയിലേക്കാണോ അടയ്ക്കുന്നത്; ഇങ്ങനെ ഈടാക്കുന്ന തുക ക്ഷീര കർഷകർക്ക് തിരികെ നൽകാറുണ്ടോ; ക്ഷേമനിധി അംഗങ്ങളല്ലാത്തവരിൽ നിന്നും പ്രതിമാസം 20 രൂപ ഈടാക്കുന്നത് ഏത് ഇനത്തിലേയ്ക്കാണെന്നും മേൽ ഇനത്തിന്റെ വിനിയോഗവും വ്യക്തമാക്കാമോ? | (സി) | അതെ, ക്ഷീരകർഷക ക്ഷേമനിധി നിയമം വകുപ്പ് 7 അനുസരിച്ച് പ്രാഥമിക ക്ഷീരസംഘത്തിൽ പാലളക്കുന്ന ഓരോ ക്ഷീരകർഷകനും പ്രതിമാസം 20/-രൂപ എന്ന നിരക്കിൽ അംശാദായമായി നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ ക്ഷീരകർഷകരിൽ നിന്ന് ക്ഷീരസംഘങ്ങൾ മുഖേന അംശാദായ ഇനത്തിൽ ക്ഷേമനിധിയിലേയ്ക്ക് ഒടുക്കുന്ന തുക തിരികെ അതേ രൂപത്തിൽ കർഷകർക്ക് നൽകുന്നില്ല. ഇത്തരത്തിൽ അംശാദായ ഇനത്തിൽ ലഭിക്കുന്ന തുകയാണ് ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്സ്. ടി തുക വിനിയോഗിച്ചാണ് പെൻഷൻ (ക്ഷേമനിധിയുടെ വിഹിതം 300/- രൂപ) കുടുംബ പെൻഷൻ വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം ക്ഷീരസുരക്ഷ, കോവിഡ് 19 ധനസഹായം, പ്രത്യേക ആശ്വാസ ധനസഹായം നിരീക്ഷണത്തിൽ ഉള്ളവർക്കുള്ള ധനസഹായം, കോവിഡ് രോഗ ബാധിതർക്കുള്ള ധനസഹായം) മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് (സംസ്ഥാനതല / ജില്ലാതലം) എന്നിവ അനുവദിച്ച് വരുന്നത്. കൂടാതെ ക്ഷേമനിധിയുടെ മറ്റ് ദൈനംദിന ചെലവുകളും (ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ളത്) ഈ തുകയിൽ നിന്നുമാണ് വിനിയോഗിച്ചുവരുന്നത്. ടി കാരണത്താലാണ് കർഷകരിൽ നിന്ന് അംശാദായ |

| | | | |
|---|---|---|---|
| | | | ഇനത്തിൽ ഈടാക്കുന്ന തുക തിരികെ കർഷകർക്ക് അനുവദിക്കാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ